**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3618** **05-08-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വിതരണരംഗത്തെ കേന്ദ്ര നിയമനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. നജീബ് കാന്തപുരം | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യകമ്പനികൾക്ക് അവസരം നൽകുന്നതിനായി കേന്ദ്രസർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനവുമായി കൂടിയാലോചിച്ചിരുന്നുവോ എന്നറിയിക്കാമോ? | (എ) | വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യ കമ്പനികൾക്ക് അവസരം നൽകുന്നതിനായി കേന്ദ്രസർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നിയമ നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനവുമായി കൂടിയാലോചിച്ചിരുന്നു. ഇത് സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതി മൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും, ബദൽ നിർദ്ദേശങ്ങളും കാര്യ കാരണ സഹിതം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഡീ-ലൈസൻസിംഗ്, തുടർന്ന് വിതരണ കമ്പനികൾ തന്നിഷ്ടപ്രകാരം നടത്താൻ ഇടയുള്ള ഉപഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, ക്രോസ്-സബ്സിഡി ഇല്ലാതാകുന്ന സാഹചര്യം, നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്ക് ഉള്ളവ) വഴിയുള്ള ബാധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം കെ.എസ്..ബി ക്ക് വരാൻ പോകുന്ന ബാധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകളും, കേരളം വൈദ്യുതി വിതരണം പൊതുമേഖലയിൽ നിർത്തിക്കൊണ്ട് കൈവരിച്ച നേട്ടങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ